*'വെളുത്തവർഗ്ഗത്തിന്റെ മഹത്വ' ത്തിലാണ് ഫാസിസത്തിന്റെ വേരുകൾ കിടക്കുന്നത്*

# ഫാസിസത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾ

ഫാസിസം രൂപം കൊള്ളുന്നതിന്റെയും വളരുന്നതിന്റെയും പിന്നിലെ സാമ്പത്തിക താത്പര്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് ഫാസിസ്റ്റ് വിരുദ്ധത അർത്ഥപൂർണ്ണമാകുന്നത്. ഫാസിസത്തിന്റെ വിത്തുകൾ രൂപപ്പെടുന്നത് യൂറോപ്പിന്റെ മൂലധനതാൽപ്പര്യങ്ങളുമായി ചേർന്നാണ്.

**വി. അശോകകുമാർ**

**ഫാസിസത്തെക്കുറിച്ച്** ഇന്ന് നടക്കുന്ന ചർച്ചകൾ മുഖ്യമായും ഒരു സാംസ്കാരിക പ്രശ്നം മാത്രമായാണ് ഫാസിസത്തെ വിലയിരുത്തുന്നത്. അത്തരം വിലയിരുത്തലുകൾ ഫാസിസ്റ്റുകൾ ഒരുക്കിയ കെണിയിൽ നമ്മെ വീഴ്ത്തുമെന്നുറപ്പാണ്. ഫാസിസം രൂപം കൊള്ളുന്നതിന്റെയും വളരുന്നതിന്റെയും പിന്നിലെ സാമ്പത്തിക താത്പര്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് ഫാസിസ്റ്റ് വിരുദ്ധത അർത്ഥപൂർണ്ണമായിത്തീരുന്നത്. ഫാസിസത്തിന്റെ വിത്തുകൾ രൂപപ്പെടുന്നത് യൂറോപ്പിന്റെ മൂലധനതാൽപ്പര്യങ്ങളുമായി ചേർന്നാണ്. അമേരിക്കയേയും ഏഷ്യയേയും ആഫ്രിക്കയേയും മൂലധനസമാഹരണത്തിനായി നിഷ്ക്കരുണം കൊള്ളചെയ്യാൻ യൂറോപ്യൻ കോളനിവാഴ്ച മെനഞ്ഞെടുത്ത 'വെളുത്തവർഗ്ഗത്തിന്റെ മഹത്വ' ത്തിലാണ് ഫാസിസത്തിന്റെ വേരുകൾ കിടക്കുന്നത്. കോളനി യജമാന്മാർ തങ്ങളുടെ എല്ലാവിധ ഹത്യകളെയും ന്യായീകരിക്കുന്നത് വംശീയമഹത്വംകൊണ്ടാണ്. ഒരു വംശമെന്ന നിലയിൽ വെളുത്ത വർഗ്ഗത്തിനുള്ള ഔന്നത്യം സ്ഥാപിച്ചുകൊണ്ടും പ്രചരിപ്പിച്ചുകൊണ്ടുമാണ് ഇതരലോകങ്ങളെ യൂറോപ്പ് കൊള്ള ചെയ്തത്. മറ്റു ഭൂഖണ്ഡങ്ങളെ കൊള്ളയടിക്കുന്നതിന്, അങ്ങനെ ചെയ്യാനുള്ള അവകാശവും അധികാരവുമുള്ള ഒരു വംശം എന്ന നിലയിൽ വെളുത്തവർഗ്ഗം സ്വയം അവരോധിക്കുകയായിരുന്നു. വംശീയമായ കൊട്ടിഘോഷിക്കലില്ലാതെ കോളനിവാഴ്ച സാധ്യമല്ലായിരുന്നു. സാമ്പത്തിക ചൂഷണത്തിന്, വെടിയുണ്ടയ്ക്കൊപ്പം സാംസ്കാരികമായ 'വംശമഹത്വം' എന്ന ആയുധമേന്തിയാണ് യൂറോപ്യൻ കോളനിവാഴ്ച സ്ഥാപിതമാകുന്നത്.

ഉയർന്നവരെന്ന് സ്വയം വിശ്വസിച്ചും അന്യജനങ്ങളെ വിശ്വസിപ്പിച്ചുമാണ് ആധുനിക യൂറോപ്യൻ സാമ്രാജ്യങ്ങൾ നിലകൊണ്ടത്. കപടമായി നിർമ്മിക്കപ്പെട്ട ഈ ഔന്നിത്യബോധത്തിന് ഏറ്റവും കൂടുതൽ ഇടിവു സംഭവിക്കുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. രണ്ടുവിധത്തിലുള്ള വെല്ലുവിളികളാണ് യൂറോപ്യൻ വംശമഹിമ അപ്പോൾ നേരിട്ടത്. ഒന്ന് സർവ്വരാജ്യത്തൊഴിലാളികൾ എന്ന നിലയിൽ യൂറോപ്പിനുള്ളിൽനിന്നും ഉയർന്ന സമത്വബോധം. ഈ സമത്വബോധമാകട്ടെ അകത്തും പുറത്തുമുള്ള മനുഷ്യരെയെല്ലാം തുല്യരായി കാണാൻ യൂറോപ്പിനെ നിർബന്ധിച്ചു. യൂറോപ്പിനകത്തും പുറത്തും യൂറോപ്യൻ സാമ്രാജ്യത്വം/ മുതലാളിത്തം നിർദ്ദയം നടത്തുന്ന ചൂഷണത്തെ നിലനിർത്തണമെങ്കിൽ വംശമഹിമയ്ക്കു വിള്ളലേൽ

പ്പിക്കുന്ന സമത്വബോധത്തെ തകർക്കേണ്ടതുണ്ടായിരുന്നു. രണ്ടാമതായി ഏഷ്യയിലും ആഫ്രിക്കയിലും ഒക്കെയുണ്ടായ കോളനിവിരുദ്ധ സമരങ്ങൾ സാമ്രാജ്യത്വത്തെ ക്ഷീണിപ്പിച്ചപ്പോൾ ജനാധിപത്യത്തിന്റെ പൊയ്മുഖം മാറ്റി അതിന് വംശീയമഹത്വത്തിന്റെ തനിനിറം പുറത്തെടുക്കേണ്ടിവന്നു. സാമ്രാജ്യത്വ/ മുതലാളിത്ത ചൂഷണത്തെ തുറന്നുകാട്ടുന്ന സാർവ്വദേശീയ ഐക്യത്തിനെതിരെയും കോളനികളിലെ സ്വാതന്ത്ര്യസമരങ്ങൾക്കെതിരെയും ഫലപ്രദമായ പ്രതിരോധം എന്ന നിലയിലാണ് ഫാസിസം രംഗപ്രവേശം ചെയ്യുന്നത്. വംശമഹിമയിൽ പടുത്തുയർത്തിയ യൂറോപ്യൻ സാമ്രാജ്യത്വം അതിന്റെ പുറംമോടിയായി അവതരിപ്പിക്കുന്ന എല്ലാവിധ ജനാധിപത്യമൂല്യങ്ങളെയും ഫാസിസത്തിലൂടെ ഒറ്റയടിക്കു തള്ളിക്കളഞ്ഞു. യൂറോപ്യൻ കോളനിവാഴ്ച നിലനിർത്തണമെങ്കിൽ അതിന് ഫാസിസ്റ്റാകാതെ മറ്റു വഴിയില്ലായിരുന്നു. സാർവ്വദേശീയമായ കൊള്ളയടിയെ രാഷ്ട്രത്തിന്റെയും വംശത്തിന്റെയും ഇരട്ടമഹത്വം കാട്ടി ന്യായീകരിച്ചുകൊണ്ടാണ് യൂറോപ്പിൽ ഫാസിസ്റ്റ് ഭരണകൂടങ്ങൾ അധികാരത്തിൽ വന്നത്. അന്താരാഷ്ട്ര സമത്വബോധത്തെയും കോളനികളിലെ ഉയിർത്തെഴുന്നേൽപ്പുകളെയും തടയാൻ ഫലപ്രദമായ ഉപാധി എന്ന നിലയിൽ ഫാസിസ്റ്റുകളെ വളർത്തിയത് അമേരിക്കയിലെയും യൂറോപ്പിലെയും വലിയ കമ്പനികളാണ്.

ഹിറ്റലർക്ക് ജർമ്മൻ കോർപ്പറേറ്റുകൾ നിർലോഭം ധനസഹായം ചെയ്യുകയുണ്ടായി. അതിനുപകരമായി ഹിറ്റ്ലർ തടവിലാക്കിയ ജൂതന്മാരെ കോർപ്പറേറ്റുകൾക്ക് തൊഴിലിടങ്ങളിൽ പണിയെടുക്കാൻ എത്തിച്ചിരുന്നു. പണിയെടുക്കാൻ ആരോഗ്യമില്ലാത്തവരെയും പണിയെടുത്ത് വയ്യാതായവരെയുമാണ് ഗ്യാസ്ചേമ്പറുകളിൽ കൊന്നത്. അമേരിക്കൻ കമ്പനികളും നാസി ജർമ്മൻ ഫാക്ടറികൾ നടത്തിയിരുന്നു. ജനറൽ മോട്ടോഴ്സും ഫോർഡുകമ്പനിയും ഇതിൽ മുന്നിലായിരുന്നു. ഈ കമ്പനികളും നാസി തടവുകാരെ പണിക്കെടുത്തിരുന്നു. അമേരിക്കൻ കമ്പനികൾ നാസികൾക്കുവേണ്ടി യുദ്ധോപകരണങ്ങൾ ഉണ്ടാക്കിക്കൊടുത്തു. ഹിറ്റലർ അധികാരത്തിൽ വന്നപ്പോൾ ജർമ്മനിയിൽ അമേരിക്കൻ നിക്ഷേപം ഏറെ ഉയർന്നു. അമേരിക്ക ജർമ്മനിയെ ആക്രമിച്ചപ്പോൾ ജർമ്മനിയിലെ അമേരിക്കൻ ഫാക്ടറികളെ അതിൽനിന്ന് ഒഴിവാക്കിയിരുന്നു. അമേരിക്കൻ മുതലാളിമാർ ഫാസിസത്തോട് ഏറെ അടുപ്പം കാണിച്ചിരുന്നു. നാസികൾ തൊഴിലാളി യൂണിയനുകളെ നിരോധിച്ചു; കൂലി കുറച്ചു; അധികസമയജോലിക്ക് കൂലി ഇല്ലാതാക്കി; ബിസിനസ് സബ്സിഡികൾ ഉയർത്തി; ബിസിനസ് നികുതികൾ താഴ്ത്തി.

വെളുത്ത വർഗ്ഗത്തിന്റെ ആഗോളചൂഷണത്തിനുള്ള എതിരില്ലാത്ത മാർഗ്ഗം എന്ന നിലയിൽ യൂറോപ്പിലും അമേരിക്കയിലും മാത്രമല്ല കോളനിനാടുകളിലേയ്ക്കും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഫാസിസം പ്രചിപ്പിക്കപ്പെട്ടു. ഏഷ്യൻ ആഫ്രിക്കൻ ജനവിഭാഗങ്ങളെയും അവിടുത്തെ ഭൂപ്രകൃതിയെയും ആഗോളമുതലാളിത്ത ഇച്ഛകൾക്കൊത്ത് വരുതിയിൽ നിർത്തുന്നതിന് ഈ നാടുകളിലും യൂറോപ്പിലേതിനു സമാനമായി ഏഷ്യൻ ആഫ്രിക്കൻ ഛായ കലർന്ന ഫാസിസം വളർത്തപ്പെട്ടു. ഇന്ത്യയിൽ ഹിന്ദുത്വത്തെ ആധാരമാക്കിയ ഫാസിസത്തിന് വെള്ളവും വെളിച്ചവും നൽകുന്നത് യൂറോപ്യൻ ഫാസിസമാണ്. സാമ്പത്തികവിഷയങ്ങളിൽനിന്നു കണ്ണുതെറ്റിച്ച് സാംസ്കാരികവിഷയങ്ങളിലേയ്ക്ക് ജനതയെ വഴിതിരിക്കുന്നവിധത്തിൽ വംശീയമഹത്വത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ഇന്ത്യയിലും ഹൈന്ദവഫാസിസം വളർച്ച പ്രാപിച്ചു.

കോളനിവാഴ്ചയിൽനിന്ന് മോചനം നേടുന്ന രാഷ്ട്രത്തിന്റെ ഭരണം നടത്താൻ യോഗ്യമായ വർഗ്ഗം/ വംശം എന്ന് സ്വയം അവരോധിച്ചുകൊണ്ട് വെളുത്തവർഗ്ഗത്തിന്റെ വംശീയമഹിമയ്ക്കു സമാന്തരമായ സാംസ്കാരികബോധം ഹിന്ദുത്വത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ലോകം ഭരിക്കുന്നത് ഏറ്റവും വംശമഹത്വമുള്ള വെളുത്തവർഗ്ഗമാണെങ്കിൽ അത് അംഗീകരിച്ചുകൊണ്ട് കോളനികളുടെ ഭരണച്ചുമതല അവിടങ്ങളിലെ മുന്തിയ വംശത്തിന് തരപ്പെടുത്തുകയാണ് മൂന്നാംലോകഫാസിസത്തിൽ കാണുന്നത്. സ്വാതന്ത്ര്യാനന്തര മൂന്നാംലോകവും കോളനിവാഴ്ചയ്ക്കുശേഷമുള്ള ആഗോളമുതലാളിത്തവും തമ്മിലുള്ള ഇടപെടലുകളിൽ നിന്നാണ് മൂന്നാംലോകഫാസിസം ശക്തമാകുന്നത്. യൂറോപ്യൻ വംശമഹത്വത്തിനും അതിന്റെ മതസംജ്ഞകൾക്കും സമാന്തരമായി മൂന്നാംലോകരാജ്യങ്ങളിൽ വംശം, മതം, രാഷ്ട്രം എന്നിവയെ തമ്മിൽ സംയോജിപ്പിച്ച് മൂന്നാംലോക ഫാസിസത്തിന് കളമൊരുക്കി. ഇന്ത്യയിൽ ഇത് ഹിന്ദുത്വവും അതിന്റെ രാഷ്ട്രസങ്കൽപവുമാണ്. സൗദിഅറേബ്യയിൽ വഹാബിസമാണ്.

ഇപ്രകാരം മതത്തെയും രാഷ്ട്രത്തെയും വംശത്തെയും തമ്മിൽ വേർതിരിക്കാൻ പറ്റാത്തവിധം ഒന്നാക്കി മാറ്റിക്കൊണ്ടുള്ള മൂന്നാംലോക ഭരണകൂടങ്ങളിലൂടെയാണ് ആഗോളമൂലധനവാഴ്ച നിർവിഘ്നം നടക്കുന്നത്. ഭീകരതയ്ക്കെതിരെ കുരിശുയുദ്ധത്തിൽ ഏർപ്പെടുമ്പോൾത്തന്നെ മതമേധാവിത്വത്താൽ ജനാധിപത്യം ഹിംസിക്കപ്പെടുന്ന സൗദിഅറേബ്യ

അമേരിക്കയുടെ സഖ്യകക്ഷിയാണ്. ഇന്ത്യയിൽ ആഗോളമൂലധന താൽപ്പര്യങ്ങൾ നിശ്ശങ്കം മുന്നേറണമെങ്കിൽ, എതിർപ്പുകളുടെ മുനയൊടിക്കണമെങ്കിൽ, ഇവിടെ ജനാധിപത്യപരമായ അവകാശങ്ങൾ അട്ടിമറിക്കപ്പെടുന്ന ഭരണവ്യവസ്ഥ വരേണ്ടതുണ്ട്.

1990കൾമുതൽ ശക്തമാകുന്ന ആഗോളമൂലധനത്തിന്റെ അധിനിവേശത്തിന് അനുഗുണമായിട്ടാണ് ഇന്ത്യയിൽ ഫാസിസവും ഭരണത്തിൽ വരുന്നത്. നവലിബറൽ സാമ്പത്തിക നയങ്ങൾക്കെതിരെയുള്ള പ്രാദേശിക ചെറുത്തുനിൽപ്പുകളെ നേരിടാൻ ജനാധിപത്യത്തെ മാനിക്കാതെ അധികാരവ്യവസ്ഥ വേണ്ടതുണ്ട്. ഇന്ത്യയിലെവിടെയും ആഭ്യന്തര കോർപ്പറേറ്റുകളും വിദേശകോർപ്പറേറ്റുകളും ഭൂവിഭാഗങ്ങൾ കൈക്കലാക്കുകയാണ്. അവരുമായി ഏറ്റവും അടുത്ത ചങ്ങാത്തം പുലർത്തിക്കൊണ്ടാണ്, അവരാൽ വളർത്തപ്പെട്ടുകൊണ്ടാണ് ഫാസിസം ശക്തിപ്രാപിക്കുന്നത്. അംബാനിയും അദാനിയും പൊതുവിഭവങ്ങൾ കവർന്നെടുക്കുന്ന രാജ്യത്ത് അതിനെ എതിർക്കുന്നത് നിർവീര്യമാക്കാൻ അടിച്ചമർത്തൽ ഭരണകൂടംതന്നെ വേണം.

1990കൾമുതൽ ശക്തമാകുന്ന ആഗോളമൂലധനത്തിന്റെ അധിനിവേശത്തിന് അനുഗുണമായിട്ടാണ് ഇന്ത്യയിൽ ഫാസിസവും ഭരണത്തിൽ വരുന്നത്. നവലിബറൽ സാമ്പത്തിക നയങ്ങൾക്കെതിരെയുള്ള പ്രാദേശിക ചെറുത്തുനിൽപ്പുകളെ നേരിടാൻ ജനാധിപത്യത്തെ മാനിക്കാത്ത അധികാരവ്യവസ്ഥ വേണ്ടതുണ്ട്. ഇന്ത്യയിലെവിടെയും ആഭ്യന്തര കോർപ്പറേറ്റുകളും വിദേശകോർപ്പറേറ്റുകളും ഭൂവിഭാഗങ്ങൾ കൈക്കലാക്കുകയാണ്. അവരുമായി ഏറ്റവും അടുത്ത ചങ്ങാത്തം പുലർത്തിക്കൊണ്ടാണ്, അവരാൽ വളർത്തപ്പെട്ടുകൊണ്ടാണ് ഫാസിസം ശക്തിപ്രാപിക്കുന്നത്.

കോൺഗ്രസ്സിനെയും കടത്തിവെട്ടുന്നതാണ് വിദേശ മൂലധനത്തോട് ബി.ജെ.പി. ഗവൺമെന്റെ പ്രീണനങ്ങൾ. അതുകൊണ്ട് ഇന്ത്യയിൽ പ്രതിനിധാനം ചെയ്യുന്ന സാമ്പത്തികനയങ്ങളെ എതിർക്കുക എന്നാണ് വേണ്ടത്. പക്ഷേ ഫാസിസത്തെ പശുവിറച്ചിയോ പാക്കിസ്ഥാൻദ്വേഷ്യമോ മാത്രമായി ചുരുക്കുന്നവർക്ക് അതിന്റെ വളർച്ച തടയാനാവില്ല. ഇന്ത്യൻ ഫാസിസം ഒത്താശ ചെയ്യുന്ന ആഗോളമൂലധനതാൽപ്പര്യങ്ങൾക്കെതിരെ എന്തെങ്കിലും പറയാൻ കോൺഗ്രസ്സിനും ഇടതുപക്ഷത്തിനും ആത്മാർത്ഥമായി കഴിയുമോ എന്നതാണ് ചോദ്യം. വിഴിഞ്ഞം തുറമുഖത്തെ ഒരു വികസന സ്വപ്നമായിമാത്രം കാണുമ്പോൾ അതിനെ അനായാസം കുടിയിരുത്തുന്ന ഭരണത്തെയും സാമ്പത്തിക താൽപ്പര്യങ്ങളെയും ചോദ്യം ചെയ്യാൻ ഇടതുപക്ഷത്തിനും സാധിക്കാതെ വരുന്നു. അങ്ങനെയാണ് ഇന്ത്യയിൽ ഫാസിസം വളരുന്നത്. ഫാസിസത്തിന്റെ വികസന അജണ്ടകളെ തുറന്നുകാണിക്കാതെ ഫാസിസം തോൽപ്പിക്കപ്പെടില്ല .

നിർഭാഗ്യകരമെന്നു പറയട്ടെ ഇന്ത്യയിൽ ഇടതുപക്ഷംപോലും ആഗോളമൂലധനത്തിന്റെ തേർവാഴ്ചയെ മറികടക്കുന്ന സ്വപ്നങ്ങൾ ഇനി സാധ്യമാകും എന്നു കരുതുന്നുണ്ടോ? മാനസികമായി മൂലധനമൂല്യങ്ങൾക്ക് പരുവപ്പെട്ട നിലയിലാണ് ഇന്ത്യയിൽ ഇടതുപക്ഷചിന്തകൾ. യഥാർത്ഥത്തിൽ ഇത് യൂറോപ്യൻ വംശീയമഹത്വത്തിലും അതിന്റെ വികസനസങ്കൽപങ്ങളിലും നിന്നു മോചനം നേടാത്ത ഇടതുപക്ഷചിന്തയുടെ പരിമിതിയാണ്. കോളനിവാഴ്ച വരച്ചുവെച്ച യൂറോകേന്ദ്രീകൃതമായ വികസനബോധത്തിൽനിന്ന് വിടുതൽ നേടുക എന്നതാണ് ഇടതുപക്ഷത്തിന്റെ കടമ. ഇടതുപക്ഷത്തെ ആവേശിച്ചിരിക്കുന്ന ഫാസിസ്റ്റുപ്രവണതകൾക്കു കാരണവും യൂറോപ്പിനെ ആധാരമാക്കിയുള്ള മാനവമുന്നേറ്റദർശനമാണ്. അതിന്റെ അകംപൊരുളാകട്ടെ വംശീയമഹിമയും അതിൽ നിന്നുകൊണ്ടുള്ള പ്രകൃതി, മനുഷ്യചൂഷണവുമാണ്; മൂലധനത്തിനായുള്ള ഹിംസയും മാറ്റിമറിയ്ക്കലുമാണ്. ഇന്ത്യൻ ഫാസിസത്തെയും അതിന് ഒത്താശ ചെയ്യുന്ന ആഗോളമൂലധനത്തെയും നേരിടണമെങ്കിൽ ഫാസിസ്റ്റുകളും ആഗോളമൂലധനവും ഇടതുപക്ഷവും ഒരേപോലെ സന്ധിക്കുന്ന വികസനദർശനത്തെത്തന്നെ ഇടതുപക്ഷത്തിന് വിചാരണ ചെയ്യേണ്ടിവരും. അതിന് മുതിരാൻ ഫാസിസത്തിനെന്നപോലെ യൂറോപ്യൻ ഉൽപ്പന്നമായ ഇടതുപക്ഷചിന്തയ്ക്കും പ്രയാസമാണ്. യൂറോകേന്ദ്രീകൃതമായ വികസനവാദത്തെ സമ്പൂർണ്ണമായി പുനഃപരിശോധിച്ചുകൊണ്ട്, ഈ മണ്ണിൽനിന്നുകൊണ്ട് സ്വതന്ത്ര ജീവിതസ്വപ്നങ്ങൾ ഇടതുപക്ഷത്തിന് നിർമ്മിക്കാൻ കഴിയണം. പാശ്ചാത്യേതരമായ അത്തരം സാമൂഹിക-സാമ്പത്തിക ക്രമങ്ങൾക്കു മുന്നിൽ ഇന്ത്യൻ ഫാസിസത്തിന് തലകുനിക്കേണ്ടിവരും. നവലിബറൽ നയങ്ങൾക്കു വിരുദ്ധമായ ജനാധിപത്യപരവും പ്രാദേശികവും നീതിപൂർവകവുമായ സാമൂഹ്യക്രമങ്ങൾ സൃഷ്ടിക്കുകയാണ് ഫാസിസത്തോടുള്ള സമരം. ■